FRIDAY 08.03.2024 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR
Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 08/03/2024

1. നെടുമങ്ങാട് ഗ്രാമീണ കാർഷിക മൊത്തവ്യാപാര വിപണിയിൽ നിന്ന് വിവിധയിനം പഴം പച്ചക്കറികൾ ലേലം ചെയ്ത് എടുക്കുന്നതിന് താത്പര്യമുള്ള കച്ചവടക്കാരിൽ നിന്ന് രജിസ്ട്രേഷൻ ക്ഷണിക്കുന്നു. ആജീവനാന്തര രജിസ്ട്രേഷൻ ഫീസ് 250/- രൂപ; കൂടുതൽ വിവരങ്ങൾക്ക് 9383470311, 9383470312 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

2. വയനാട് അമ്പലവയൽ സംരക്ഷിത കൃഷിയിലൂടെ മികവിന്റെ കേന്ദ്രത്തിൽ ഉല്പാദിപ്പിച്ച **സ്നോ വൈറ്റ് ഇനം ഹൈബ്രിഡ് സാലഡ് കക്കിരി, സുപ്രീം ഇനം ഹൈബ്രിഡ് വള്ളിപ്പയർ** എന്നിവ വിൽപ്പനയ്ക്ക് തയ്യാറാണ്. വില 2/- രൂപ. ആവശ്യമുള്ള കർഷകർ അമ്പലവയൽ RARS മായോ 9497238632, 9562304546 എന്നീ ഫോൺ നമ്പറിലോ ബന്ധപ്പെടുക.

3. കാസർകോഡ് ബദിയഡുക്ക ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ നല്ലയിനം **കാസറകോഡ് കുള്ളൻ പശുക്കൾ** ലഭ്യമാണ്. പശുക്കളെ ആവശ്യമുള്ള ഫാമുകൾക്കും കർഷകർക്കും കാസർകോഡ് ബദിയഡുക്ക ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രവുമായി 9446023845, 8086982969, 9447070957 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

### പരിശീലന പരിപാടി

4. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **"വാണിജ്യാടിസ്ഥാനത്തിലുള്ള പുഷ്പകൃഷിയും പൂന്തോട്ട പരിപാലനവും"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2024 മാർച്ച് 13 ന് ആരംഭിക്കുന്നു. താൽപ്പര്യമുള്ളവർ മാർച്ച് 12 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 24 ദിവസം ദൈർഘ്യമുള്ള പൂർണ്ണമായും മലയാളത്തിൽപരിശീലിപ്പിക്കുന്ന

കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് മാർച്ച് 13 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം.

5. തൃശൂർ ആലത്തൂർ വാനൂരിലുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ 2024 മാർച്ച് 11 മുതൽ 21 വരെ പാലക്കാട്, തൃശൂർ ജില്ലകളിലെ ക്ഷിര കർഷകർ, കുടുംബശ്രീ അംഗങ്ങൾ, സംരംഭകർ എന്നിവർക്കായി ക്ഷീരോല്പന്ന നിർമാണം എന്ന വിഷയത്തിൽ പരിശിലന പരിപാടി സംഘടിപ്പിക്കുന്നു. പ്രവേശന ഫീസ് 135 രൂപ. ആധാർ / തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് സഹിതം പങ്കെടുക്കാം. താൽപര്യമുള്ളവർ 2024 മാർച്ച് ഏഴിന് വൈകിട്ട് മൂന്നിനകം dd-dtc-pkd.dairy@kerala.gov.in, dtcalathur@gmail.com എന്ന ഇ- മെയിൽ വിലാസത്തിലോ 04922 226040, 9496839675, 9446972314എന്നീ ഫോൺ നമ്പർ മുഖേനയോ രജിസ്റ്റർ ചെയ്യുക.

6. കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാല ഡയറക്ടറേറ്റ് ഓഫ് എക്സ്റ്റൻഷൻ ആൻഡ് ഫിഷറീസ് സയൻസ് മാർച്ച് 14, 15 തീയതികളിലായി മത്സ്യകൃഷിയിലെ നൂതന സാങ്കേതികവിദ്യകൾ എന്ന വിഷയത്തെ ആസ്പദമാക്കി രണ്ടു ദിവസത്തെ പരിശീലന സംഘടിപ്പിച്ചിരിക്കുന്നു. പരിശീലന ഫീസ് 1000 രൂപ. കൂടുതൽ വിവരങ്ങൾക്ക് 9809800220, 7736560431 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർകൃഷിയിൽ 2024 മാർ-ച്ച് 18 മുതൽ 22 വരെ പരിശീലനം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നൽകുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ചു നടക്കുന്ന പരിശീലനത്തിൽ നൂതനനടീൽവസ്തുക്കൾ, നടീൽരീതികൾ, വളപ്രയോഗശുപാർശകൾ, കീട-രോഗനിയന്ത്രണം, ടാപ്പിങ് തുടങ്ങിയ വിഷയങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. ഇമെയിൽ: training@rubberboard.org.in

8. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി എന്റർപ്രിണർഷിപ്പ് ആന്റ് മാനേജ്മെന്റും (NIFTEM –T) കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയവും സംയുക്തമായി ഫുഡ് സേഫ്റ്റി ആന്റ് ക്വാലിറ്റി അഷ്വറൻസ് എന്ന വിഷയത്തിൽ മാർച്ച് 14,15 തീയതികളിൽ ഒരു പരിശീലനം സംഘടിപ്പിക്കുന്നു. അപേക്ഷിക്കേണ്ട അവസാന തീയതി 10.03.2024. കൂടുതൽ വിവരങ്ങൾക്ക് 9750968409, 9940058889 എന്നീ ഫോൺ നമ്പരുകളിലോ niftemt.ac.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം